# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2015 - വോട്ടെടുപ്പ് നടക്കുന്ന ദിവസം തൊഴിലാളികൾക്ക് വേതനത്തോട് കൂടിയുള്ള അവധി അനുവദിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**നമ്പർ: 746/2015/സംതിക.** **തിരുവനന്തപുരം, തീയതി. 27.10.2015**

==========================================================================

പരാമർശം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 07.10.2015-ലെ 151/2015/സം.തി.ക. മുതൽ 154/2015/സം.തി.ക. നമ്പർ തിരഞ്ഞെടുപ്പ് വിജ്ഞാപനങ്ങൾ.

## ഉത്തരവ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 145 എ വകുപ്പ് പ്രകാരവും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 202 എ വകുപ്പ് പ്രകാരവും, സ്വകാര്യ മേഖലയിലുള്ള ഏതെങ്കിലും വാണിജ്യസ്ഥാപനത്തിലോ വ്യാപാരസ്ഥാപനത്തിലോ വ്യവസായ സ്ഥാപനത്തിലോ മറ്റ് ഏതെങ്കിലും സ്ഥാപനത്തിലോ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതും പഞ്ചായത്ത് / മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് അർഹതയുള്ളതുമായ ഓരോ ആൾക്കും പൊതുതിരഞ്ഞെടുപ്പ് ദിവസം അവധി അനുവദിക്കേണ്ടതാണെന്നും അത്തരത്തിൽ അവധിമൂലം, അപ്രകാരമുള്ള ഏതെങ്കിലും ആളിന്റെ വേതനം കുറവു ചെയ്യുകയോ വേതനം അനുവദിക്കാതിരിക്കുകയോ ചെയ്യുവാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2015 നവംബർ 2-ാം തീയതി പൊതുതിരഞ്ഞെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലെയും നവംബർ 5-ാം തീയതി പൊതുതിരഞ്ഞെടുപ്പ് നടക്കുന്ന പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെയും സ്വകാര്യ മേഖലയിലുള്ള ഏതെങ്കിലും വാണിജ്യ സ്ഥാപനത്തിലോ വ്യാപാര സ്ഥാപനത്തിലോ വ്യവസായ സ്ഥാപനത്തിലോ മറ്റ് ഏതെങ്കിലും സ്ഥാപനത്തിലോ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതും പഞ്ചായത്ത് / മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുന്നതിന് അർഹതയുള്ളതുമായ ആളുകൾക്ക് വോട്ടു രേഖപ്പെടുത്തുന്നതിന് വേതനത്തോട് കൂടിയുള്ള അവധി നൽകണമെന്നും എന്നാൽ, അപ്രകാരം ഒരാളിന് അവധി അനുവദിക്കുന്നതുമൂലം അയാൾ ഏർപ്പെട്ടിരിക്കുന്ന തൊഴിലിന് ആപത്ക്കരമോ സാരവത്തായ നഷ്ടമോ ഇടവരുന്നെങ്കിൽ അയാൾക്ക് വോട്ട് രേഖപ്പെടുത്തു-ന്നതിന് പ്രത്യേക അനുമതി നൽകണമെന്നും ബന്ധപ്പെട്ട അധികാരികളോട് നിർദ്ദേശിച്ച് ഉത്തരവാകുന്നു. കൂടാതെ, നവംബർ 2-ാം തീയതി വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിൽ നിന്നും

.....2/-

**മറ്റു ജില്ലകളിലും, നവംബർ 5-ാം തീയതി വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിൽ നിന്നും മറ്റു ജില്ലകളിലും ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന വോട്ടവകാശം ഉള്ളവർക്ക്, സ്വന്തം ജില്ലയിലെ പോളിംഗ് സ്റ്റേഷനിൽ പോയി വോട്ടു ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകണമെന്നു നിർദ്ദേശിച്ചും ഉത്തരവാകുന്നു.**

**പി. ഗീത**
**സെക്രട്ടറി**

ലേബർ കമ്മീഷണർ (ആമുഖകത്ത് സഹിതം)
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർ.
എല്ലാ വരണാധികാരികൾക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖേന)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:-
എല്ലാ നോഡൽ ഓഫീസർമാർ.,സീനിയർ ഫിനാൻസ് മാനേജർ
ലാ ഓഫീസർ,പബ്ലിക്ക് റിലേഷൻസ് ഓഫീസർ
കമ്പ്യൂട്ടർ പ്രോഗ്രാമർ ,സെക്ഷൻ ഓഫീസർമാർ / സെക്ഷനുകൾ
കമ്മീഷണറുടെ സി.എ.,സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം
ഒപ്പ്
സെക്ഷൻ ഓഫീസർ